# ധനകാര്യ സ്ഥാപനങ്ങളും സേവനങ്ങളും

**1.** ഭാരതീയ റിസർവ് ബാങ്കിന്റെ പ്രധാന ധർമങ്ങൾ എന്തെല്ലാമാണ് ?അവയെ കുറിച്ച് ലഘു കുറിപ്പുകൾ തയ്യാറാക്കുക ?

ഉ. നോട്ട് അച്ചടിച്ചിറക്കൽ : ഒരു രൂപാ നോട്ടും നാണയങ്ങളും ഒഴികെ എല്ലാ കറൻസികളും അച്ചടിച്ചിറക്കുന്നത് റിസർവ്വ് ബാങ്കാണ്.

വായ്പ നിയന്ത്രിക്കൽ : വായ്പയുടെ നിയന്ത്രണം റിസർവ്വ് ബാങ്കിന്റെ ചുമതലയാണ്. പലിശനിരക്കിൽ മാറ്റം വരുത്തിയാണ് ഇത് സാധിക്കുന്നത്

സർക്കാറിന്റെ ബാങ്ക് : സർക്കാറുകളുടെ ബാങ്കായി പ്രവർത്തിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാറുകളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു.

ബാങ്കുകളുടെ ബാങ്ക് : ബാങ്കുകളുടെ ബാങ്കായി റിസർവ്വ് ബാങ്ക് പ്രവർത്തിക്കുന്നു. ബാങ്കുകളെ സഹായിക്കുകയും ഉപദേശം നൽകുകയും ചെയ്യുന്നതും റിസർവ്വ് ബാങ്കിന്റെ ചുമതലയാണ്.

2. എന്താണ് ബാങ്കുകൾ? ബാങ്കുകൾ ഇടപാടുകർക്കിടയിൽ ധനകാര്യ ഇടനിലക്കാരനായി പ്രവർത്തിക്കുന്നത് എങ്ങനെ ?

ഉ. ജനങ്ങളിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്ന സ്ഥാപനങ്ങളാണ് ബാങ്കുകൾ.

ബാങ്കുകൾ വ്യക്തികൾ, സ്ഥാപനങ്ങൾ സർക്കാറുകൾ എന്നിവയിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുന്നു. അവർക്ക് വായ്പയും നൽകുന്നു. ഈ വായ്പകൾ പലിശ സഹിതം തിരിച്ച് വാങ്ങുന്നു. നിക്ഷേപങ്ങൾ പലിശ സഹിതം തിരികെ നൽകുന്നു.

3. ഇന്ത്യയിൽ ബാങ്കുകളുടെ വളർച്ചാ ഘട്ടം എങ്ങിനെയാണെന്ന് കുറിപ്പ് തയ്യാറാക്കുക ?

ഉ. 1770 മുതൽ 1969 വരെയുള്ള ഒന്നാം ഘട്ടം - ഈ ഘട്ടത്തിൽ ബാങ്കുകളുടെ പ്രവർത്തനവും വളർച്ചയും സാവധാനത്തിലാണ്.

1969 മുതൽ 1990 വരെയുള്ള രണ്ടാം ഘട്ടം - ബാങ്കുകളുടെ വളർച്ച വേഗത്തിലായി . ബാങ്കു ദേശസാൽകരണം നടന്നു.

1991 മുതൽ മൂന്നാംഘട്ടം - അടിസ്ഥാന ധർമ്മങ്ങൾക്കൊപ്പം സേവനങ്ങൾക്കും പ്രാധാന്യം നൽകി. നിരവധി പരിഷ്കാരങ്ങൾ നടപ്പിലാക്കി. A.T.M ,ക്രെഡിറ്റ് കാർഡ്, നെറ്റ് ബാങ്കിങ് എന്നിവ സജീവമായി. സ്വകാര്യ മേഖലയിൽ ബാങ്കുകൾ അനുവദിക്കപ്പെട്ടു.

4. എന്താണ് വാണിജ്യ ബാങ്കുകൾ ? വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾ ഏതെല്ലാമാണ് ? ചുരുക്കി വിവരിക്കുക?

ഉ. ബാങ്കിങ് രംഗത്തെ പഴക്കം ചെന്നതും ധാരാളം ശാഖകൾ ഉള്ളതുമായ ബാങ്കുകൾ. നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പകൾ നൽകുകയും ചെയ്യുന്നു .

<u>വിവിധ തരം നിക്ഷേപങ്ങൾ</u>

1. സമ്പാദ്യ നിക്ഷേപം : വ്യക്തികൾക്ക് അവരുടെ സമ്പാദ്യത്തിൽ മിച്ചമുള്ള തുക നിക്ഷേപിക്കാൻ സഹായക മാകുന്ന നിക്ഷേപമാണിത്. കുറഞ്ഞ പലിശ ലഭിക്കുന്നു,നിയന്ത്രണങ്ങൾക്ക് വിധേയമായി എപ്പോൾ വേണമെങ്കിലും പണം പിൻവലിക്കാം.
2. പ്രചലിത നിക്ഷേപം : എപ്പോൾ വേണമെങ്കിലും പണം നിക്ഷേപിക്കാനും പിൻവലിക്കാനും സാധിക്കുന്ന നിക്ഷേപമാണിത്. വ്യവസായികൾക്കും വ്യാപാരികൾക്കുമാണ് ഈ നിക്ഷേപം ഉപയോഗിക്കുവാൻ സാധിക്കുക . പലിശ ലഭിക്കുകയില്ല.

3. സ്ഥിര നിക്ഷേപം : വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നിശ്ചിത കാലയളവിലേക്ക് പണം നിക്ഷേപിക്കാൻ യോജിച്ച നിക്ഷേപം.കാലാവധി പൂർത്തിയായാൽ മാത്രമേ പിൻവലിക്കാൻ സാധിക്കുകയുള്ളൂ. ഉയർന്ന പലിശ ലഭിക്കുന്നു.
4. ആവർത്തിത നിക്ഷേപം : ഒരു നിശ്ചിത തുക ഒരു പ്രത്യേക കാലയളവിലേക്ക് തവണകളായി നിക്ഷേപിക്കുന്ന രീതിയാണിത്.

5.ബാങ്കുകൾ വായ്പ നൽകുന്നതിന് ഈടായി സ്വീകരിക്കുന്ന വസ്തുക്കൾ ഏതെല്ലാം?

ഉ. സ്വർണം, വസ്തുവിന്റെ ആധാരം , സ്ഥിര നിക്ഷേപ പത്രം ,ശമ്പള പത്രം

6. പണ വായ്പയും ഓവർഡ്രാഫ്റ്റും തമ്മിലുള്ള വ്യത്യാസം എന്താണ് ?

ഉ. ഈടുകൾ സ്വീകരിച്ച് ബാങ്കുകൾ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന വായ്പകളാണ് പണ വായ്പ.

വ്യക്തികൾക്ക് ബാങ്ക് അക്കൗണ്ടുകളിൽ ഉള്ളതിനേക്കാൾ കൂടുതൽ പണം വിൻവലിക്കാൻ ബാങ്ക് നൽകുന്ന ഒരു അവസരമാണ് ഓവർഡ്രാഫ്റ്റ്.

7. അടിസ്ഥാന ധർമങ്ങൾക്ക് പുറമെ മറ്റു നിരവധിസേവനങ്ങൾ ബാങ്കുകൾ നൽകുന്നു അവ ഏതെല്ലാം ?

ഉ. ലോക്കർ സൗകര്യം, ഡിമാന്റ് ഡ്രാഫ്റ്റ് (D D) , മെയിൽ ട്രാൻസ്ഫർ, ടെലിഗ്രാഫിക് ട്രാൻസ്ഫർ , എ.ടി.എം സംവിധാനം, ക്രഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, തുടങ്ങിയ സൗകര്യങ്ങൾ.

8. എ.ടി.എം കാർഡ് ഉപയോഗിക്കമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏതെല്ലാം ?

ഉ. *കൗണ്ടറിൽ മറ്റാരുമില്ലെന്ന് ഉറപ്പാക്കുക. * പിൻ നമ്പർ മറ്റുള്ളവർക്ക് നൽകാതിരിക്കുക.
*പണം പിൻവലിച്ചാൽ രസീത് സ്വീകരിക്കുക. *രസീത് അലക്ഷ്യമായി വലിച്ചെറിയാതിരിക്കുക.

9. എന്താണ് ഇ- ബാങ്കിംഗ് - ഇതിന്റെ മേൻമകൾ എന്തെല്ലാം ?

ഉ. നെറ്റ് ബാങ്കിങ്ങിലൂടെയും ടെലി ബാങ്കിങ്ങിലൂടെയും ഇടപാടുകൾ നടത്താൻ കഴിയുന്ന രീതി. എല്ലാ സമയത്തും ബാങ്കിങ്, എല്ലായിടത്തും ബാങ്കിങ്, നെറ്റ് ബാങ്കിങ് എന്നിവ ഇ - ബാങ്കിങ്ങിന്റെ ഭാഗമാണ്.
സവിശേഷതകൾ : * വീട്ടിൽ നിന്ന് പണമിടപാടുകൾ നടത്താൻ കഴിയുന്നു. * സമയ ലാഭം * സർവീസ് ചാർജ് കുറവാണ്.

10. എന്താണ് കോർ ബാങ്കിംഗ് ? ഈ രീതി ഇടപാടുകാർക്ക് സഹായകമാകുന്നത് എങ്ങനെ ?

ഉ. എല്ലാ ബാങ്കുകളുടെ ശാഖകൾ ഒരു കേന്ദ്ര സെർവറിന്റെ കീഴിൽ കൊണ്ട് വന്ന് ബാങ്കിങ് സേവനങ്ങൾ ഒരു ബാങ്കിൽ നിന്ന് മറ്റു ബാങ്കുകളിലേക്ക് സാധ്യമാകുന്ന തരത്തിലുള്ള ക്രമീകരണം.

എ.ടി.എം കാർഡ്, ഡെബിറ്റ് കാർഡ്, ക്രഡിറ്റ് കാർഡ്, നെറ്റ് ബാങ്കിങ്, ടെലി ബാങ്കിങ്ങ്,മൊബൈൽ ബാങ്കിങ് എന്നിവ ഒരു കുടക്കീഴിൽ വന്നു. ബാങ്കിങ് ഇടപാടുകൾ ലളിതമായി.

11. സഹകരണ ബാങ്കുകളുടെ പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ?

ഉ. *ഗ്രാമീണർക്ക് സാമ്പത്തിക സഹായം നൽകുക
* ജനങ്ങൾക്ക് വായ്പ നൽകുക
* സ്വകാര്യ പണമിടപാടുകാരിൽ നിന്ന് ഗ്രാമീണരെ രക്ഷിക്കുക.
*കുറഞ്ഞ പലിശക്ക് വായ്പ നൽകുക
*ജനങ്ങളിൽ സമ്പാദ്യ ശീലം വളർത്തുക.

12. ഇന്ത്യയിലെ സവിശേഷ ബാങ്കായ നബാർഡിന്റെ സവിശേഷതകൾ എന്തെല്ലാം ?

ഉ. ഗ്രാമീണ വികസനത്തിനും കാർഷിക വികസനത്തിനും പ്രവർത്തിക്കുന്നു. ഗ്രാമീണ വികസനത്തിനായി പ്രവർത്തിക്കുന്ന ബാങ്കുകളെ ഏകോപിപ്പിക്കുന്നു. കൃഷി,ചെറുകിട വ്യവസായം എന്നിവക്ക് സാമ്പത്തിക സഹായം നൽകുന്നു.

13. പ്രത്യേക ലക്ഷ്യത്തോടെ ബാങ്കിങ് രംഗത്തേക്ക് പുതുതായി വന്ന ബാങ്കുകൾ ഏതെല്ലാം? അവുടെ പ്രവർത്തനം ചുരുക്കി വിവരിക്കുക?

ഉ.മഹിളാ ബാങ്കുകൾ: വനിതാ ശാക്തീകരണം ഇന്ത്യയുടെ ശാക്തീകരണം എന്നതാണ് മുദ്രാവാക്യം.
എല്ലാവരിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നു. വനിതകൾക്ക് കൂടുതലായി വായിപകൾ നൽകുന്നു.

പെയ്മെന്റ് ബാങ്കുകൾ : കുറഞ്ഞ വരുമാനക്കാരെയും കുടിയേറ്റ തൊഴിലാളികളേയും സഹായിക്കുന്നു.

മുദ്രാ ബാങ്ക് : ചെറുകിട വായ്പകൾ നൽകുന്നു.ചെറു സംരഭകർക്കും മൈക്രോ ഫിനാൻസിനും വായ്പകൾ നൽകുന്നു.

14. മറ്റ് ബാങ്കുകളിൽ നിന്നും പെയ്മെന്റ്ബാങ്കുകൾ ഏതെല്ലാം തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്തുക?

ഉ.ഒരു ലക്ഷം രൂപവരെ മാത്രം നിക്ഷേപം സ്വീകരിക്കുന്നു.
നിക്ഷേപങ്ങൾക്ക് റിസർവ്വ് ബാങ്ക് നിശ്ചയിച്ച പലിശ നൽകുന്നു.
വായ്പകൾ നൽകുന്നില്ല.
ബാങ്കിടപാടുകൾക്ക് കമ്മീഷൻ ഈടാക്കുന്നു.
ഡെബിറ്റ് കാർഡ് നൽകും ക്രെഡിറ്റ് കാർഡ് നൽകില്ല.

15. ബാങ്കുകളുടെ അടിസ്ഥാന ധർമ്മങ്ങൾ നിർവഹിക്കുമെങ്കിലും ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ചില സേവനങ്ങൾ ലഭിക്കുന്നില്ല.ഏതെല്ലാമാണ് അവ ?

ഉ. ചെക്ക് ഉപയോഗിച്ച് പണം പിൻവലിക്കാൻ കഴിയില്ല.
മെയിൽ ട്രാൻസ്ഫർ സാധ്യമല്ല.
ലോക്കർ സൗകര്യം ലഭ്യമല്ല.

16. ബാങ്കിതര ധനകാര്യ കമ്പനികൾ നൽകുന്ന സേവനങ്ങൾ എന്തെല്ലാം?

ഉ.ഹയർ പർച്ചേസിന് വായ്പ നൽകുന്നു.
വീട് നിർമാണത്തിന് വായ്പ നൽകുന്നു.
ചിട്ടികൾ നടത്തുന്നു.
സ്വർണ പണയത്തിന് വായ്പ നൽകുന്നു.

17. എന്താണ് മ്യൂച്ചൽ ഫണ്ട് സ്ഥാപനങ്ങൾ? അവയുടെ ധർമ്മംഎന്താണ് ?

ഉ.ഇതൊരു നിക്ഷേപ മാർഗ്ഗമാണ്.
സാധാരണക്കാർക്ക് ഓഹരി കമ്പോളത്തിൽ പ്രവർത്തിക്കാൻ സഹായിക്കുന്നു.
നിക്ഷേപകരിൽ നിന്ന് പണം സമാഹരിച്ച് ഓഹരി കമ്പോളം , കടപത്രങ്ങൾ, സ്വർണം എന്നിവയിൽ നിക്ഷേപിക്കുന്നു.
ഇതിലൂടെ ലഭിക്കുന്ന ലാഭവും നഷ്ടവും ഇടപാടുകാർക്കിടയിൽ വീതിക്കുന്നു.

18. എന്താണ് മൈക്രോ ഫിനാൻസ്? മൈക്രോ ഫിനാൻസിന്റെ ലക്ഷ്യങ്ങളെന്തെല്ലാം?

ഉ. സാധാരണക്കാർക്ക് വായ്പ ഉൾപ്പെടെയുള്ള സാമ്പത്തിക സേവനങ്ങൾ നൽകലാണ് മൈക്രോ ഫിനാൻസിന്റെ ലക്ഷ്യം.സമൂഹത്തിലെ താഴ്ന്ന വരുമാനക്കാർക്ക് സമ്പാദ്യ ശീലം വളർത്തുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സഹായിക്കുന്നു.
പാവപ്പെട്ടവരുടെ ജീവിത നിലവാരം ഉയർത്താൻ സഹായിക്കുന്നു.
സമ്പാദ്യശീലം വളർത്തുന്നു.
അംഗങ്ങൾക്ക് വായ്പ നൽകുന്നു.